**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3047** **18-03-2022 - ൽ മറുപടിയ്ക്ക്**

**അഞ്ചൽ മിനി സിവിൽ സ്റ്റേഷനിൽ വാട്ടർ അതോറിറ്റിയുടെ സബ്സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ അഞ്ചൽ, ഏരൂർ, അലയമൺ, ഇടമുളക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആളുകൾ ബഹുദൂരം സഞ്ചരിച്ചാണ് മടത്തറ എന്ന പ്രദേശത്തെ കടയ്ക്കൽ വാട്ടർ അതോറിറ്റി ഓഫീസുകളിൽ എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | യാത്രാസൗകര്യം കുറവായ, വിദൂര ഉൾപ്രദേശമായ കടയ്ക്കൽ എത്തുന്നതിന് ഈ നാല് പഞ്ചായത്തുകളിൽ ഉള്ള ആളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അഞ്ചൽ പഞ്ചായത്തിലെ അഞ്ചൽ മിനി സിവിൽ സ്റ്റേഷനിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു സബ്സെന്റർ ഓഫീസ് തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കടയ്ക്കൽ സബ്ഡിവിഷനു കീഴിൽ മടത്തറ, കടയ്ക്കൽ എന്നീ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കേരള ജല അതോറിറ്റിയുടെ വെബ് സൈറ്റിൽ ഓൺ ലൈനായി കരമടയ്ക്കുന്നതിനും കണക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനും സൗകര്യം ഉണ്ട്. അഞ്ചലിൽ വാട്ടർ അതോറിറ്റിയുടെ സബ്സെന്റർ രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഇവിടെ സബ്സെന്റർ ഓഫീസ് തുടങ്ങുന്നതിനുള്ള സൗകര്യം ഒരുക്കണമെന്ന് കാട്ടി അഞ്ചൽ ഗ്രാമപഞ്ചായത്ത് നല്കിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ? | (സി) | പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ